*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

130th Issue - Volume 4, No. 11 ജാഗ്രത 9th April 2010



BLESSED KUNJACHAN

"ഹൃദയപരമാർത്ഥതയില്ലാത്തവൻ പരാജയപ്പെടും. എന്നാൽ നീതിമാൻ തന്റെ വിശ്വസ്ഥതമൂലം ജീവിക്കും"

(ഹബബുക്ക് 2 : 4)

## പ്രധാന വാർത്തകൾ

വിദ്യാഭ്യാസ നിയമം അവകാശ നിഷേധം അംഗീകരിക്കില്ല: ഇന്റർ ചർച്ച് കൗൺസിൽ

---

വിശ്വസികളുടെ ഒത്തൊരുമയാണ് ഇടവക സമൂഹത്തിന്റെ വിജയം : മാർ മാത്യു അറയ്ക്കൽ

---

സാമൂഹിക പ്രശ്നങ്ങളിൽ ക്രിയാത്മകമായി പ്രതികരിക്കണം: മാർ ജോസഫ് കല്ലറങ്ങാട്ട്

---

തൊടുപുഴ ചോദ്യപേപ്പർ വിവാദം: സാമുദായിക സ്പർധ വളർത്താൻ ശ്രമം - ഇന്റർചർച്ച് കൗൺസിൽ

---

വിനയമുള്ള ഹൃദയത്തിലേ ദൈവത്തിന്റെ കൃപാവരം ലഭിക്കൂ: മാർ ക്ലീമിസ് കാതോലിക്കാ ബാവ

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

## വിദ്യാഭ്യാസ നിയമം അവകാശ നിഷേധം അംഗീകരിക്കില്ല: ഇന്റർ ചർച്ച് കൗൺസിൽ

പതിനാലു വയസുവരെയുള്ള കുട്ടികൾക്കു പൊതുവിദ്യാഭ്യാസം സൗജന്യമായി നല്കാനുള്ള കേന്ദ്രസർക്കാർ നടപടി ശ്ലാഘനീയമാണെങ്കിലും അതിൽ ഭാഷാ, മത ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ വിദ്യാഭ്യാസ അവകാശം നിഷേധിക്കുന്ന ഘടകങ്ങൾ അംഗീകരിക്കാനാവില്ലെന്ന് ഇന്റർചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേഷൻ. എല്ലാവർക്കും, പ്രത്യേകിച്ച് പാവപ്പെട്ട വിദ്യാർഥികൾക്ക് വിദ്യാഭ്യാസം നല്കുന്ന കാര്യത്തിൽ സർക്കാരുമായി സഹകരിക്കാൻ എക്കാലത്തെയുംപോലെ ക്രൈസ്തവസഭകൾക്ക് സന്തോഷമേയുള്ളൂവെന്നും കൗൺസിൽ വ്യക്തമാക്കി. വിദ്യാഭ്യാസ അവകാശ നിയമത്തിലെ ചില കാര്യങ്ങളെക്കുറിച്ചുള്ള വിയോജിപ്പ് വളരെ നേരത്തേതന്നെ മന്ത്രിയെ അറിയിച്ചിരുന്നു. അവ തിരുത്താനുള്ള തീരുമാനം എടുത്തതായി വാർത്തയുമുണ്ടായിരുന്നു. അത് നടപ്പിലാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റു ചില വകുപ്പുകളെക്കുറിച്ചും ആശങ്കകളുണ്ട്. അവ ചർച്ചകളിലൂടെ പരിഹരിക്കാവുന്നതാണെന്നും ഇന്റർചർച്ച് കൗൺസിൽ പ്രസ്താവനയിൽ അറിയിച്ചു. ന്യൂനപക്ഷാവകാശം എന്തെന്നോ, എന്തിനെന്നോ അറിയാത്തവരാണ് കേരളത്തിലെ വിദ്യാഭ്യാസ വകുപ്പും അതിനു നേതൃത്വം നല്കുന്നവരും. വിദ്യാഭ്യാസ അവകാശനിയമം ന്യൂനപക്ഷാവകാശങ്ങളെ ഹനിക്കുന്നതല്ല എന്ന ഇവിടുത്തെ നേതൃത്വത്തിന്റെ പ്രതികരണം ഈയൊരു യാഥാർഥ്യമാണ് വെളിവാക്കുന്നത്. ന്യൂനപക്ഷാവകാശം വേണ്ട എന്ന പ്രതീതി സൃഷ്ടിക്കാനും പ്രചാരണം നടത്താനുമാണ് വിദ്യാഭ്യാസ വകുപ്പ് ശ്രമിക്കുന്നത്. ഈ ശ്രമങ്ങളെല്ലാം നിരന്തരം കോടതിയിൽ പരാജയപ്പെട്ടിട്ടും യാഥാർഥ്യം മനസിലാക്കി പ്രവർത്തിക്കാൻ വകുപ്പിനും മന്ത്രിക്കും കഴിയാത്തത് ഖേദകരമാണ്. സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർധിപ്പിക്കാതെ വിദ്യാർഥികൾ അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ പ്രവേശനം തേടുന്നതു തടയാനാവില്ലെന്നും ഇന്റർചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേഷൻ അഭിപ്രായപ്പെട്ടു. സിലബസിന്റെ ഗുണനിലവാരം താഴുന്നതും പഠിക്കാതെ തന്നെ പരീക്ഷയിൽ ജയിക്കുന്നതും അധ്യാപകരെ പഠിപ്പിക്കുന്നതിനു പകരം മറ്റു പ്രവർത്തനങ്ങൾക്കു നിയോഗിക്കുന്നതുമെല്ലാം സർക്കാർ പൊതുവിദ്യാഭ്യാസത്തെ തകർക്കുന്നു. അതുകൊണ്ടാണ് വിദ്യാർഥികൾ മറ്റു വിദ്യാലയങ്ങൾ തേടിപ്പോകുന്നതെന്നു കൗൺസിൽ വക്താവ് റവ. ഡോ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ പ്രസ്താവനയിൽ പറഞ്ഞു.

## വിശ്വാസികളുടെ ഒത്തൊരുമയാണ് ഇടവക സമൂഹത്തിന്റെ വിജയം : മാർ മാത്യു അറയ്ക്കൽ



വിശ്വാസികളുടെ ഒത്തൊരുമയോടുള്ള പ്രവർത്തനമാണ് ഇടവക സമൂഹത്തിന്റെ വിജയമെന്ന് ബിഷപ് മാർ മാത്യു അറയ്ക്കൽ. പാണപിലാവ് സെന്റ് ജോസഫ് പള്ളിയിലെ പുതിയ അജപാലന മന്ദിരത്തിന്റെ വെഞ്ചരിപ്പിനോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തുകയായിരുന്നു ബിഷപ്. വികാരി ഫാ. ജോർജ് പുതുപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. ആന്റോ ആന്റണി എംപി സമ്മേളനം ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ മുഖ്യ പ്രഭാഷണവും മുതിർന്ന പൗരൻമാരെ ആദരിക്കലും നടത്തി. ഫാ.ജോർജ് കൊച്ചുപറമ്പിൽ ഇടവക ഡയറക്ടറിയുടെ പ്രകാശനം നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തങ്കമ്മ ജോർജുകുട്ടി, പഞ്ചായത്ത് പ്രസിഡന്റ് പി.എ ഇർഷാദ്, ജോസ് മടുക്കക്കുഴി, ദേവസ്യാച്ചൻ കൊച്ചുമാണിക്കുന്നേൽ, പ്രകാശ് പുളിക്കൽ, ബിനോ വർഗീസ് വട്ടപ്പറമ്പിൽ, വർഗീസ് പന്നാംകുഴി തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് സ്നേഹവിരുന്നും നടന്നു.

## സാമൂഹിക പ്രശ്നങ്ങളിൽ ക്രിയാത്മകമായി പ്രതികരിക്കണം: മാർ ജോസഫ് കല്ലറങ്ങാട്ട്



കാലികസമൂഹം നേരിടുന്ന പ്രശ്നങ്ങളെ പഠിക്കാനും പ്രശ്നങ്ങളിൽ ഇടപെട്ട് പ്രതികരിക്കാനും എകെസിസി തയ്യാറാകണമെന്ന് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. എകെസിസി യൂണിറ്റ് ഭാരവാഹികളുടെ പാലാ രൂപതാതല ലീഡേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്. വിദ്യാഭ്യാസ മേഖലയിലെ നിരീശ്വരവത്കരണം, കുടിയേറ്റ കർഷകർ നേരിടുന്ന

പ്രശ്നങ്ങൾ, മദ്യവിപത്ത്, കുടുംബങ്ങളുടെ തകർച്ച, മതമൗലികവാദവും ഭീകരവാദവും തുടങ്ങിയവ ഇവയിൽ ചിലതു മാത്രമാണ്. പഠനത്തിലൂടെയാണ് നല്ല നേതൃത്വം വളർന്നു വരേണ്ടത്. പഠനമില്ലാത്തിടത്ത് നേതൃത്വമില്ല. സമുദായത്തിന്റെ ശബ്ദമായി മാറിയിരിക്കുന്ന എകെസിസി നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്ന് മാർ കല്ലറങ്ങാട്ട് അഭിപ്രായപ്പെട്ടു. പ്രസിഡന്റ് എം.എം ജേക്കബ് അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, സാജു അലക്സ്, ജോയി മുത്തോലി, ബെന്നി പാലക്കത്തടം, തോമസ് മാഞ്ഞൂരാൻ, ജയിംസ് ചെറുവള്ളി, സണ്ണി വടക്കേൽ, പ്രഫ. കെ.എം മാത്യു, പ്രഫ. റെജി മേക്കാടൻ, ബേബി ആലുങ്കൽ എന്നിവർ പ്രസംഗിച്ചു. രാജീവ് കൊച്ചുപറമ്പിൽ, ജോൺ മിറ്റത്താനി, സെബാസ്റ്റ്യൻ മാളിയേക്കൽ, പി.സി ജോസഫ്, ജോസ് അടക്കനാട്ട്, അഡ്വ. പ്രിൻസി കല്ലക്കാവുങ്കൽ, മാഗി ജോസ്, ബേബി പുത്തൻ പുര, ജോസ് പുത്തൻകാല, ടോമി കെ. തോമസ് എന്നിവർ ചർച്ചകൾക്കു നേതൃത്വം നൽകി. വിവിധ യൂണിറ്റുകളിൽനിന്നായി 300 ഭാരവാഹികൾ പങ്കെടുത്തു.

## തൊടുപുഴ ചോദ്യപേപ്പർ വിവാദം: സാമുദായിക സ്പർധ വളർത്താൻ ശ്രമം – ഇന്റർചർച്ച് കൗൺസിൽ

തൊടുപുഴയിലെ ചോദ്യപേപ്പർ വിവാദത്തിൽ സാമുദായിക സൗഹാർദം ഉറപ്പുവരുത്തുന്നതിനു കുറ്റവാളിയെ നിയമത്തിനു മുന്നിൽ ഹാജരാക്കുന്നതിനു പകരം സാമുദായിക സ്പർധ വളർത്താൻ വർഗീയവാദികളും വർഗസമര സിദ്ധാന്തക്കാരും നടത്തുന്ന ശ്രമം ഉത്കണ്ഠാജനകമാണെന്ന് ഇന്റർചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ. തൊടുപുഴയിൽ ക്രമസമാധാനഭഞ്ജനം നടക്കാത്തതിൽ ഖിന്നരായവർ വാർത്തകൾ വളച്ചൊടിക്കാൻ ശ്രമിക്കുകയാണ്. ഇടതുപക്ഷ അധ്യാപക സംഘടനാ പ്രവർത്തകനായ അധ്യാപകന്റെ ഗൂഡാലോചനകളെ മറയ്ക്കാനും സംരക്ഷിക്കാനും ചില പിഴവുകൾ മാനേജ്മെന്റിന്റെ തലയിൽ കെട്ടിവയ്ക്കാനും പാർട്ടിപത്രം മുഖപ്രസംഗത്തിലൂടെ നടത്തിയ വിഫലശ്രമം ദൗർഭാഗ്യകരമാണെന്നു കൗൺസിൽ പ്രസ്താവനയിൽ പറഞ്ഞു. തൊടുപുഴയിലെ സാംസ്കാരിക പൈതൃകത്തിന്റെ കൊടിയടയാളമാണ് ന്യൂമാൻസ് കോളജ്. മതസൗഹാർദത്തിന്റെയും സാഹോദര്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും സംസ്കാരം എക്കാലവും ഉയർത്തിപ്പിടിക്കുകയും ശീലിപ്പിക്കുകയും ചെയ്യുന്ന ക്രൈസ്തവ വൈദികരാണ് അതിന്റെ നേതൃത്വത്തിലുള്ളത്. അമ്പതാണ്ടുകൾ പിന്നിടുന്ന ഈ ഉന്നതകലാലയത്തിൽ എല്ലാ സമുദായത്തിലും ജാതിയിലും പെടുന്നവർ വിഭാഗീയത ഒട്ടുമില്ലാതെ ഒന്നിച്ചു പഠിക്കുകയും കളിക്കുകയും സൗഹൃദം പങ്കുവയ്ക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. അവിടെയാണ് രണ്ടാംവർഷ ബി.കോം വിദ്യാർഥികളുടെ മലയാളം ചോദ്യപേപ്പറിൽ മതവികാരത്തെ വൃണപ്പെടുത്തുന്ന ചോദ്യം കടന്നുവന്നത്. പൊതുനന്മയിൽ വിശ്വസിക്കുന്ന ഏവരെയും ആഴത്തിൽ വേദനിപ്പിച്ച ഒരു സംഭവമായിരുന്നു അത്. അതിനോടു പ്രതികരിച്ച മത-സാമുദായിക നേതാക്കൾ കാട്ടിയ പക്വതയും സംയമനവും ആദരണീയവും അഭിനന്ദനാർഹവുമായിരുന്നു. കോളജ് അധികൃതർ ഉടൻതന്നെ അന്വേഷണം നടത്തി ഉത്തരവാദിക്കെതിരേ നടപടിയെടുക്കുകയും സംഭവത്തിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. അതീവ ഖേദകരമായ ഈ തെറ്റിന് ഉത്തരവാദി ചോദ്യപേപ്പർ തയ്യാറാക്കിയ വ്യക്തിയും വകുപ്പിന്റെ അധ്യക്ഷനുമാണ്. ഇക്കാര്യത്തിൽ അത് ഒരാൾതന്നെയായിരുന്നു. ചോദ്യം ടൈപ്പ് ചെയ്തയാൾ ഇതിലെ അപകടം ചൂണ്ടിക്കാണിച്ചെങ്കിലും അധ്യാപകൻ അത് അവഗണിക്കുകയായിരുന്നുവെന്നും പറയപ്പെടുന്നു. ഈ അധ്യാപകനെതിരേയാണ് ജാമ്യമില്ലാത്ത അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചിരിക്കുന്നത്. ഒരു പൊതുസ്ഥാപനമായ കോളജിൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ പോലീസ് സംരക്ഷണം തേടേണ്ടത് അത്യാവശ്യമാണ്. അതു നൽകാൻ സർക്കാർ ബാധ്യസ്ഥരുമാണ്. പോലീസ് ആ കൃത്യം ഏറെ അഭിനന്ദനാർഹമായി നിർവഹിക്കുകയും ചെയ്തു. കോളജിനു സംരക്ഷണം നൽകിയതിനെ തെറ്റായി ചിത്രീകരിക്കുന്നവർ ക്രമസമാധാനം തകരണമെന്നാഗ്രഹിക്കുന്ന സാമൂഹ്യവിരുദ്ധരാണ്. ചില പത്രങ്ങളിൽ വരുന്ന വാർത്തകളിൽ ഈയൊരു മനോഭാവം കണ്ടത് ഖേദകരമാണെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ വക്താവ് റവ.

ഡോ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി. പരീക്ഷ മാറ്റിവയ്ക്കാൻ യൂണിവേഴ്സിറ്റി അധികൃതരുടെ അനുവാദം ആവശ്യമുണ്ട്. ഈ അനുവാദത്തോടെ മാത്രമേ പരീക്ഷ മാറ്റിവച്ചതായി പ്രഖ്യാപിക്കാൻ കഴിയൂ. അതിനു വേണ്ടിവന്ന തുച്ഛമായ സമയത്തെ കോളജ് അധികൃതരുടെ പിഴവായി ചിത്രീകരിക്കുന്നതു യാഥാർഥ്യത്തിനു നിരക്കുന്നതല്ല. കോതമംഗലം രൂപതാധികൃതർ പത്രക്കുറിപ്പിലൂടെ കാര്യങ്ങൾ വ്യക്തമാക്കിയെന്നും പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

## വിനയമുള്ള ഹൃദയത്തിലേ ദൈവത്തിന്റെ കൃപാവരം ലഭിക്കൂ: മാർ ക്ലീമിസ് കാതോലിക്കാ ബാവ



വിനയമുള്ള ജീവിതത്തിലേ ദൈവത്തിന്റെ കൃപാവരം ലഭിക്കൂ എന്ന് മേജർ ആർച്ച് ബിഷപ്പ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. കിളിമാനൂർ പാപ്പാല മലങ്കര കത്തോലിക്ക പള്ളിയിൽ പെസഹാ ശുശ്രൂഷയോടനുബന്ധിച്ചുള്ള കാൽ കഴുകൽ ശുശ്രൂഷയ്ക്ക് മുമ്പ് സന്ദേശം നൽകുകയായിരുന്നു കാതോലിക്കാ ബാവ. ലോകത്തിൽ ക്ലേശങ്ങൾ ഉള്ളത് അഹങ്കാരം കൊണ്ടാണ്, മനസിന്റെ വലുപ്പക്കുറവുകൊണ്ടാണ്. വലിയവനാകണമെങ്കിൽ ഒരാൾ എല്ലാവരുടേയും ശുശ്രൂഷകനാകണം. താണ നിലത്തേ നീരോടൂ എന്ന് നാം അറിയണം. അന്ത്യത്താഴ സമയത്ത് യേശു ശിഷ്യരുടെ പാദങ്ങൾ കഴുകി ചുംബിച്ചു. പാദങ്ങൾ ചുംബിക്കുക എന്നു പറഞ്ഞാൽ ശരീരത്തിന്റെ ഏറ്റവും ഉയർന്ന ഭാഗമായ ശിരസ് പാദത്തോട് ചേർത്തു വയ്ക്കുക എന്നാണ്. ഇതുവഴി യേശു നമുക്ക് വലിയ പാഠമാണ് നൽകുന്നത്. നമ്മുടെ സ്ഥാനമാനങ്ങൾ മറന്ന് നമുക്ക് സ്നേഹിക്കാനും ശുശ്രൂഷിക്കാനും എളിമപ്പെടാനും കഴിയണം. യേശു നൽകുന്ന ഈ സന്ദേശം ഉൾക്കൊള്ളാൻ നമുക്ക് കഴിയണം. ഈ സന്ദേശം ഉൾക്കൊണ്ട് നമ്മുടെ കുടുംബങ്ങളിൽ മക്കൾ മാതാപിതാക്കളേയും മാതാപിതാക്കൾ മക്കളേയും സ്നേഹിക്കണം. പരസ്പര വിശ്വാസവും എളിമയും ഉണ്ടാകണം. മുതിർന്നവരെ ബഹുമാനിക്കുന്നതാണ് നമ്മുടെ സംസ്കാരം എന്നകാര്യം നാം ഓർക്കണം - കാതോലിക്കാ ബാവ പറഞ്ഞു. ഫാ.അലക്സാണ്ടർ കോയിക്കലേത്ത്, ഫാ.ജോർജ്ജ് തോമസ്, ഇടവക വികാരി ഫാ.ഡാനിയേൽ പൂവണ്ണത്തിൽ എന്നിവർ സഹകാർമികരായിരുന്നു.

## National Workshop on Youth Crime

Friday 7th & Saturday 8th, May 2010
**Renewal Centre, Kaloor, Ernakulam, Kochi, India**

**Organizers & Contact address**

Jesus Fraternity
Pastoral Orientation Centre
P.B. No. 2251, Palarivattom
Kochi - 682025, Kerala, India
91-0484- 2806669/91-0484 - 2806815
E mail: jfyouthcare@yahoo.in
jesusxt4u4me@yahoo.co.in

JAGRATHA News

**"Jagratha News"** - An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA